<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4089</u> <u>09-08-2021 - ൽ മറുപടിയ്ക്ക്</u>

<u>തോരായിക്കടവ് പാലം നിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ തോരായിക്കടവ് പാലം നിർമ്മാണത്തിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തോരായിൽക്കടവ് പാലം നിർമ്മിക്കുന്നതിനായി 18.24 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി-യിൽ നിന്നും ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി 33.93 ലക്ഷം രൂപ സാമ്പത്തികാനുമതി തുകയിൽ നീക്കിവെച്ചിട്ടുണ്ട്. 1,69,690/- രൂപ കണ്ടിജൻസി ചാർജായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായി 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ കിഫ്ബി എൽ.എ തഹസിൽദാരുടെ കാര്യാലയത്തിൽ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വിശദീകരിക്കാമോ; | (ബി) | ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തോരായിൽക്കടവ് പാലം നിർമ്മിക്കുന്നതിനായി 18.24 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി-യിൽ നിന്നും ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി 33.93 ലക്ഷം രൂപ സാമ്പത്തികാനുമതി തുകയിൽ നീക്കിവെച്ചിട്ടുണ്ട്. 1,69,690/- രൂപ കണ്ടിജൻസി ചാർജായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായി 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ കിഫ്ബി എൽ.എ തഹസിൽദാരുടെ കാര്യാലയത്തിൽ പുരോഗമിക്കുന്നു. |
| (സി) | കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ കിഫ്ബി പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ, പ്രത്യേക ഭൂമി ഏറ്റെടുക്കൽ വിഭാഗമാണോ ചെയ്തുവരുന്നതെന്ന് അറിയിക്കുമോ; എങ്കിൽ ഓരോ പ്രവൃത്തിയുടെയും പേര്, നിലവിലെ പുരോഗതി എന്നീ ക്രമത്തിൽ വിശദമാക്കാമോ? | (സി) | കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ വരുന്ന കിഫ്ബി പ്രവൃത്തികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ കിഫ്ബി എൽ.എ തഹസിൽദാർ ആണ് സ്വീകരിക്കുന്നത്. കൊയിലാണ്ടി നിയോജകമണ്ഡലം പരിധിയിൽ വരുന്ന പ്രവൃത്തികളുടെ പേരും നിലവിലെ പുരോഗതിയും ചുവടെ ചേർക്കുന്നു. 1. അകലപ്പുഴ പാലം നിർമ്മാണം പ്രസ്തുത പാലത്തിനു 30 കോടി രൂപയുടെ സാമ്പത്തികാനുമതി |

| | | | |
|---|---|---|---|
| | | | കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ ആഘാത പഠനം ഉൾപ്പെടെയുള്ള നടപടികൾ പുരോഗ-മിക്കുന്നു. ഏറ്റെടുക്കേണ്ട ഭൂമിയിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനാ-യുള്ള നടപടികളും പുരോഗമിക്കുകയാണ്. ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2. നടേരിക്കടവ് പാലം നിർമ്മാണം പ്രസ്തുത പാലത്തിനു 23.03 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. 167 സെൻറ് സ്ഥലം പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കുന്നതിന് വേണ്ടി ഇതിൽ നിന്നും 37.14 ലക്ഷം രൂപ നീക്കി വെച്ചിട്ടുള്ളതാണ്. ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ വിശദ വിവരങ്ങൾ ഉൾപ്പെടുന്ന അപേക്ഷ ഭൂമി ഏറ്റെടുക്കലിനായുള്ള സർക്കാർ ഉത്തരവ് നൽകുന്നതിനായി സർക്കാരിൽ ലഭ്യമായത് പരിശോധിച്ചു വരുന്നു. 3. കൊല്ലം നെല്ലിയാടി മേപ്പയ്യൂർ റോഡ് നിർമ്മാണം പ്രസ്തുത പാലത്തിനു 38.96 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി-യിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. 395.4 സെന്റ് സ്ഥലം പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കുന്നതിന് വേണ്ടി ഇതിൽ നിന്നും 5,09,80,000/- രൂപ നീക്കി വെച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്ന-തിനായി സർക്കാർ ഉത്തരവ് നൽകുന്നതിന് വേണ്ടിയുള്ള വിവരശേഖരണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ